**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോട്ടയം കോറിഡോർ പദ്ധതിക്ക് സ്ഥലം വിട്ടു നൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്ക് തുക അനുവദിച്ച് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.504/2026/PWD തിരുവനന്തപുരം,തീയതി, 30-03-2026

---

പരാമർശം:-

1. 31.08.2011 തീയതിയിലെ സ.ഉ.(സാധാ) നം.134/2011/പി.ഡബ്ല്യൂ.ഡി.
2. 08.02.2012 തീയതിയിലെ സ.ഉ.(സാധാ) നം.193/2012/പി.ഡബ്ല്യൂ.ഡി.
3. 22.03.2020 തീയതിയിലെ സ.ഉ.(സാധാ) നം.353/2020/പി.ഡബ്ല്യൂ.ഡി.
4. 18.11.2020 തീയതിയിലെ സ.ഉ.(സാധാ) നം.957/2020/പി.ഡബ്ല്യൂ.ഡി.
5. 18.06.2025 തീയതിയിലെ സ.ഉ.(സാധാ) നം.876/2025/പി.ഡബ്ല്യൂ.ഡി.
6. 23.09.2025 തീയതിയിലെ സ.ഉ.(സാധാ) നം.1397/2025/പി.ഡബ്ല്യൂ.ഡി.
7. WP(C) 9775/2025 കേസിലെ കേരള ഹൈക്കോടതിയുടെ 17.10.2025 വിധിന്യായം.
8. കോട്ടയം ജില്ലാ കളക്ടറുടെ 05.03.2026 തീയതിയിലെ DCKTM/10276/2018-G1 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം കോറിഡോർ പദ്ധതിയുടെ ഭാഗമായ കൊടുരാറിന് കുറുകെ ഈരയിൽ കടവ് പാലം നിർമ്മാണത്തിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം 590 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കോട്ടയം ഡെവലപ്മെന്റ് കോറിഡോർ പദ്ധതിക്ക് പരാമർശം (2) ലെ ഉത്തരവ് പ്രകാരം 20.75 കോടിയുടെ ഭരണാനുമതി നൽകിയിരുന്നു.

2. പ്രസ്തുത പദ്ധതിക്ക് സ്ഥലം വിട്ട് നൽകിയവർക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് ശ്രീ. രാജേന്ദ്രൻ.ബി മുതൽപേർ ഫയൽ ചെയ്തു WPC.No.33882/2015 നമ്പർ കേസിലെ കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി പരാമർശം (3) , 4 ലെ ഉത്തരവ് പ്രകാരം 53,60,515/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ശ്രീ. അശോകൻ.ആർ മുതൽ പേർ ഫയൽ ചെയ്തു WPC No. 26234/2023 കേസിലെ വിധിന്യായ പ്രകാരം 60,36,303/- രൂപയുടെ പരാമർശം (5) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. പരാമർശം (6) പ്രകാരം

**1,66,58,206/-** രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

**3.** കോട്ടയം കോറിഡോർ പദ്ധതിയുമായി ബന്ധപ്പെട്ട് **WP(C) 9775/2025** നമ്പർ കേസിലെ കക്ഷികൾക്ക് **LARR Act 2013** പ്രകാരം നഷ്ടപരിഹാരം നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം **(7)** ലെ വിധിയുടെ അടിസ്ഥാനത്തിൽ, പുതുക്കിയ അവാർഡ് തുക വിതരണം ചെയ്യുന്നതിലേക്കായി, **₹79,30,398/-** ഭരണാനുമതി നൽകണമെന്ന് പരാമർശം **(8)** പ്രകാരം കോട്ടയം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം കോറിഡോർ പദ്ധതിയുമായി ബന്ധപ്പെട്ട് **WP(C) 9775/2025** നമ്പർ കേസിലെ കക്ഷികൾക്ക് **LARR Act 2013** പ്രകാരം നഷ്ടപരിഹാരം നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ **17/10/2025** തീയതിയിലെ വിധിയുടെ അടിസ്ഥാനത്തിൽ, കക്ഷികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി **₹79,30,398/-** രൂപ (എഴുപത്തിയൊമ്പത് ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) **5054-04-101-99-00-16-PC** എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. തുക മാറി നൽകുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത എം
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.
ജില്ലാ കളക്ടർ , കോട്ടയം.
റവന്യൂ വകുപ്പ് (REV-B2/21/2026-REV)
ധനകാര്യവകുപ്പ് (No:E-2984127/EXP-D3/127/2024-FIN-Part-1).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ), ഐ&പി.ആർ.ഡി
കരുതൽ ഫയൽ - PWD-D1/321/2025-PWD

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 30-03-2026 16:04:45
സെക്ഷൻ ഓഫീസർ